# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1345 | 06.02.2020-ലെ മറുപടിയ്ക്ക് |
|---|---|

**<u>പൊതു ആവശ്യങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടിക്രമം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പൊതു ആവശ്യങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടിക്രമം വർഷങ്ങൾ നീണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല |
| (ബി) | ഇത് പരിഹരിക്കാൻ ഭൂമി ഏറ്റെടുക്കലിന് സമയകൃത്യത ഉറപ്പ് വരുത്തുന്ന ചട്ടങ്ങൾ നിലവിലുണ്ടോ ; വിശദമാക്കാമോ; | (ബി) | ഭൂമി ഏറ്റെടുക്കലിന് സമയകൃത്യത ഉറപ്പ് വരുത്തുന്ന ചട്ടങ്ങൾ നിലവിലുണ്ട്. ആയതിലെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.<br><br>I) സ്ഥലമെടുപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 4(1)വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ പരമാവധി 6 മാസം കൊണ്ട് സാമൂഹ്യാഘാത പഠന റിപ്പോർട്ട് സമർപ്പിക്കണം. സാമൂഹ്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിന് വിദഗ്ധ സമിതി രൂപീകൃതമായ തീയതി മുതൽ 2 മാസത്തിനുള്ളിൽ വിദഗ്ധസമിതി ശുപാർശ സമർപ്പിക്കണം.<br><br>ii)സാമൂഹ്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി കൊണ്ടുള്ള വിദഗ്ധസമിതിയുടെ റിപ്പോർട്ട് തീയതി മുതൽ 12 മാസത്തിനകം ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ വിജ്ഞാപനം (11(1)വിജ്ഞാപനം) പ്രസിദ്ധപ്പെടുത്തണം. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് 11(1)വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള സമയം നീട്ടി നൽകാവുന്നതാണ്.<br><br>iii) 11(1)വിജ്ഞാപന തീയതി മുതൽ 12 മാസത്തിനകം 19(1)പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തണം. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് 19(1)പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള സമയം നീട്ടി നൽകാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | iv) 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ 12 മാസത്തിനകം അവാർഡ് പാസാക്കണം. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് അവാർഡ് പാസാക്കുന്നതിനുള്ള സമയം നീട്ടി നൽകാവുന്നതാണ്. |
| (സി) | കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ എളമരം കടവ് പാലം അപ്രോച്ച് റോഡ്, കുളിമാട് പാലം അപ്രോച്ച് റോഡ്, ഫാറൂഖ് കോളേജ് - വാഴക്കാട് റോഡിൽ ഊർക്കടവ് വളവ് നിവർത്തൽ തുടങ്ങിയ പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടങ്ങിയിട്ട് വർഷങ്ങളായെങ്കിലും ഇനിയും പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കാമോ; | (സി) യും (ഡി) യും | എളമരം കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി അർത്ഥനാധികാരി അർത്ഥനാപത്രം സമർപ്പിച്ചിട്ടില്ലാത്തതിനാൽ സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടില്ല.<br><br>കുളിമാട് പാലം അപ്രോച്ച് റോഡ് സ്ഥലമെടുപ്പ് പദ്ധതിക്ക് 8.11.2019-ലെ സ.ഉ(സാധാ) 3267/2019/റവ പ്രകാരം സ്റ്റേറ്റ് ലവൽ എംപവേർഡ് കമ്മിറ്റിയുടെ (SLEC) അംഗീകാരം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ വിശദ വിലവിവരപട്ടിക(DVS) സമർപ്പിക്കുന്നതിന് 22.11.2019 ൽ ലാന്റ് അക്വിസിഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് വിശദ വിലവിവരപട്ടിക ജില്ലാ കളക്ടർ അംഗീകരിച്ച് സ്ഥലം നേരിട്ട് രജിസ്റ്റർ ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതാണ്.<br><br>ഫാറൂഖ് കോളേജ് - വാഴക്കാട് റോഡിൽ ഊർക്കടവ് വളവ് നിവർത്തലുമായി ബന്ധപ്പെട്ടുള്ള സ്ഥലമെടുപ്പ് കേസിൽ 12.01.2018 ൽ നടന്ന DLFC യോഗത്തിൽ ഭൂ ഉടമകളുമായി വിലയിൽ ധാരണ യിലെത്താൻ കഴിയാത്തതിനാൽ 2013-ലെ LARR ആക്ട് പ്രകാരം സ്ഥലമേറ്റെടുക്കുന്നതിന് അർത്ഥന സമർപ്പിക്കാൻ 17.01.2020 ൽ മഞ്ചേരി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ, നടപടികൾ പൂർത്തീകരിച്ച് എന്ന് ഭൂമി ഏറ്റെടുക്കാൻ സാധിക്കും തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ